2026 AUG 10

The current.

Volume 01 | Issue 01 | Monday

Light Upon Light

Official Newsletter of the SAMASTHA National Education Council (SNEC) I Under Samastha Kerala Islam Matha Vidhyabhyasa Board (SKIMVB)

# സ്ഥാപനങ്ങൾ വിശുദ്ധ ദീനിന്റെ അടിസ്ഥാന മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുക;

● സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ




**കോഴിക്കോട്:** മത സ്ഥാപനങ്ങൾ വിശുദ്ധ ദീനിന്റെ യഥാർത്ഥ കാഴ്ചപ്പാടും മൂല്യങ്ങളും ഉൾക്കൊണ്ടാണ് പ്രവർത്തിക്കേണ്ടതെന്ന് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ പറഞ്ഞു. വിദ്യാഭ്യാസം കേവലം അറിവ് പകർന്നു നൽകുന്നതിനുള്ള ഉപാധിയല്ല, മറിച്ച് വിശ്വാസവും ധാർമികതയും സാമൂഹിക പ്രതിബദ്ധതയും ഉത്തരവാദിത്തബോധവുമുള്ള തലമുറയെ വാർത്തെടുക്കുന്നതിനുള്ള ദൗത്യമാണെന്നും അതിനാവശ്യമായ കാര്യങ്ങൾക്ക് നേതൃത്വം നൽകേണ്ടവരാണ് മാനേജ്മെന്റ് ഭാരവാഹികൾ എന്നും തങ്ങൾ പറഞ്ഞു കോഴിക്കോട് നടന്ന എസ്.എൻ.ഇ.സി അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ മാനേജ്മെന്റ് പ്രതിനിധികളുടെ സംഗമം ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്ഥാപനങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും കാര്യക്ഷമവും ജാഗ്രതയോടെയുമുള്ള ഇടപെടലുകൾ മാനേജ്മെന്റ് ഭാഗത്ത് നിന്നും ഉണ്ടാവണമെന്നും വിദ്യാർത്ഥികളുടെ വ്യക്തിത്വ രൂപീകരണത്തിന് പ്രത്യേക പ്രാധാന്യം നൽകണമെന്നും തങ്ങൾ കൂട്ടിച്ചേർത്തു.

പരിപാടിയിൽ എസ്.എൻ.ഇ.സി അക്കാദമിക് കൗൺസിൽ ചെയർമാൻ പി.എം അബ്ദുസ്സലാം ബാഖവി വടക്കേക്കാട് അധ്യക്ഷനായി. സമസ്ത കേന്ദ്ര മുശാവറ അംഗം കെ.എം ഉസ്മാൻ ഫൈസി തോടാർ പ്രാരംഭ പ്രാർത്ഥനക്ക് നേതൃത്വം നൽകി. എസ്.എൻ.ഇ.സി റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ് വിങ് കൺവീനർ എസ്.വി മുഹമ്മദലി, റിയാസ് നരിക്കുനി എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന ഓപ്പൺ ഡിസ്കഷന് സമസ്ത മാനേജർ കെ. മോയിൻ കുട്ടി മാസ്റ്റർ, എസ്.എൻ.ഇ.സി ഗവേർണിംഗ് കൗൺസിൽ അംഗം ഇബ്രാഹിം ഫൈസി പേരാൽ നേതൃത്വം നൽകി. എസ്.എൻ.ഇ.സി കോഡിനേറ്റർ അലി ടി.കെ കാവന്നൂർ, അക്കാദമിക് കോഡിനേറ്റർ യൂസുഫ് റഹ്മാനി ചെമ്പ്രശ്ശേരി സംസാരിച്ചു.

2025-26 അധ്യയന വർഷം എസ്.എൻ.ഇ.സിയുടെ വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിച്ച സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ ഖിദ്മത്തുൽ ഇസ്‌ലാം വിമൻസ് കോളേജ്, എടക്കുളം (മുഖദ്ദിമ), എം.ഐ.സി സനാഇയ്യ കോളേജ് കൈപ്പമംഗലം (സനാഇയ്യ അവസാന വർഷ വിദ്യാർത്ഥിനികളുടെ ക്യാംപ്), തൻവീർ ഇസ്‌ലാമിക് ആൻഡ് ആർട്സ് കോളേജ്, കുമ്മിണിപ്പറമ്പ (ശരീഅ സ്ട്രീം രണ്ടാം വർഷ വിദ്യാർത്ഥികളുടെ ക്യാംപ്) ഏറ്റുവാങ്ങി. തുടർന്ന് 2026–27 അധ്യയന വർഷത്തേക്കുള്ള സ്ഥാപനങ്ങളുടെ അഫിലിയേഷൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു, അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, വിദ്യാർത്ഥി വികസന പരിപാടികൾ, അധ്യാപക പരിശീലനം, സ്ഥാപനങ്ങളുടെ ഗുണനിലവാരം എന്നിവ വിശദമായി ചർച്ച ചെയ്തു.
സയ്യിദ് സൈഫുല്ലാഹ് തങ്ങൾ മഞ്ചേശ്വരം, സയ്യിദ് നിയാസ് അലി ശിഹാബ് തങ്ങൾ, ഹംസക്കോയ ചേളാരി, മുസ്തഫ അശ്റഫി കക്കുപ്പടി, സലാഹുദ്ധീൻ ഫൈസി വല്ലപ്പുഴ സംബന്ധിച്ചു. സമാപന പ്രാർത്ഥനക്ക് എസ്.എൻ.ഇ.സി ഗവേർണിംഗ് കൗൺസിൽ അംഗം സയ്യിദ് പൂക്കോയ തങ്ങൾ ബാ അലവി കാടാമ്പുഴ നേതൃത്വം നൽകി. അക്കാദമിക് കൗൺസിൽ കൺവീനർ ഡോ. ബഷീർ പനങ്ങാങ്ങര സ്വാഗതവും അസിസ്റ്റന്റ് ഡയറക്ടർ ജസീൽ ഹുദവി നന്ദിയും പറഞ്ഞു.

എസ്.എൻ.ഇ.സിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളുടെ വാർത്തകളും മറ്റു വിവരങ്ങളും ഓരോ മാസത്തിലും 'ന്യൂസ് ലെറ്ററാ'യി പ്രസിദ്ധീകരിക്കുന്നത് അഭിനന്ദനാർഹമായ പ്രവർത്തനമാണ്. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

**● സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ**
(ചെയർമാൻ, എസ്.എൻ.ഇ.സി)

എസ്.എൻ.ഇ.സി സെൻട്രൽ ഓഫീസ്, സ്ഥാപനങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് പാഠ്യ-പാഠ്യേതര രംഗങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. അതുമായി ബന്ധപ്പെട്ട വാർത്തകളും മറ്റു പ്രധാനപ്പെട്ട അറിയിപ്പുകളും ഓരോ മാസത്തിലും 'ന്യൂസ് ലെറ്ററാ'യി പ്രസിദ്ധീകരിക്കുകയാണ്. ഈ മാതൃകാപരമായ പ്രവർത്തനം അല്ലാഹു സ്വീകരിക്കട്ടെ. ആമീൻ.

**● പി.പി ഉമർ മുസ്‌ലിയാർ കോയ്യോട്**
(കൺവീനർ, എസ്.എൻ.ഇ.സി)

പുതിയ ആശയങ്ങളും കാഴ്ച്ചപ്പാടുകളുമായി ദിനംപ്രതി വളർച്ചയുടെ പുതിയ പടവുകൾ കയറുകയാണ് സമസ്ത നാഷനൽ എജ്യു ക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി), പാഠ്യപദ്ധതിയിൽ പാരമ്പര്യത്തിലൂന്നിയ നൂതന പരിഷ്കാരങ്ങളും പാഠ്യേതര പ്രവർത്തനങ്ങളിൽ വിദ്യാർഥികളുടെ കഴിവ് വർധിപ്പിക്കാനാവശ്യമായ വ്യത്യസ്ത പദ്ധതികളുമായി സമൂഹത്തിന്റെ പ്രതീക്ഷക്കൊത്ത് വളരാൻ ശ്രമിക്കുകയാണ് ഈ സംവിധാനം. ഓരോ മാസത്തിലും എസ്.എൻ.ഇ.സി യുമായി നേരിട്ട് ബന്ധപ്പെട്ടും അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്നതുമായ നിരവധി പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രസ്തു ത പ്രവർത്തനങ്ങളുടെ വാർത്തകളും മറ്റു പ്രധാന അറിയിപ്പുകളും ഉൾക്കൊള്ളിച്ച് മാസാന്ത 'ന്യൂസ് ലെറ്റർ' പ്രസിദ്ധീകരിച്ചു തുടങ്ങുകയാണ്. എസ്.എൻ.ഇ.സി യുടെ ചലനങ്ങളെ പൊതു സമൂഹം അറിയാനും സംവിധാ നത്തിന്റെ പുരോഗതി വിലയിരുത്താനുമുള്ള മാധ്യമമായി ഈ സംരംഭം ഉപകാരപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. അല്ലാഹുവിന്റെ സഹായവും കാരുണ്യവും നമ്മിൽ വർഷിക്കട്ടെ. ആമീൻ.

**പി.എം അബ്ദുസ്സലാം ബാഖവി വടക്കേക്കാട്**
(ചെയർമാൻ, അക്കാദമിക് കൗൺസിൽ)

## ആലിക്കുട്ടി ഉസ്താദ് അനുസ്മരണവും ഖത്മുൽ ഖുർആനും



എസ്.എൻ.ഇ.സിയുടെ പ്രഥമ അക്കാദമിക് പ്രോസ്പെക്ട്സ് (2023-24) വൈസ് ചെയർമാനായിരുന്ന പ്രൊഫ. കെ. ആലിക്കുട്ടി മുസ്‌ലിയാർ പ്രകാശനം ചെയ്യുന്നു (ഫയൽ ഫോട്ടോ).

**കോഴിക്കോട്:** സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ സമസ്ത ജനറൽ സെക്രട്ടറിയും എസ്.എൻ.ഇ.സി വൈസ് ചെയർമാനുമായിരുന്ന കെ. ആലിക്കുട്ടി മുസ്‌ലിയാർ അനുസ്മരണ സംഗമവും ഖത്മുൽ ഖുർആൻ സദസ്സും സംഘടിപ്പിച്ചു. എസ്.എൻ.ഇ.സി പൂർവ്വ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഖത്മുൽ ഖുർആൻ, അനുസ്മരണ സദസ്സുകളും സംഘടിപ്പിച്ചു.

## എസ്.എൻ.ഇ.സി “യൗമുൽ ഇബ്ദാ” ഓഗസ്റ്റ് 12ന്




**മലപ്പുറം:** സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ദേശീയ വിദ്യാഭ്യാസ പദ്ധതിയായ സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ 2026-27 അധ്യയന വർഷം സമർപ്പിച്ച വിവിധ യൗമുൽ ഇബ്ദാ' പ്രൊജക്റ്റുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവയുടെ കേന്ദ്രീകൃത മത്സരം ഓഗസ്റ്റ് 12 ബുധൻ രാവിലെ 09:30 മുതൽ മലപ്പുറം വെളിമുക്ക് ക്രസന്റ് എസ്.എൻ.ഇ.സി ഷീ ക്യാമ്പസിൽ വച്ച് നടക്കും.

എസ്.എൻ.ഇ.സി അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ ക്രിയാത്മകത വളർത്തുക, പരിപോഷിപ്പിക്കുക, വ്യത്യസ്ത മേഖലകളിൽ പുതിയ കണ്ടുപിടുത്തങ്ങൾക്ക് സാഹചര്യമൊരുക്കുക, നാടിനും സമൂഹത്തിനും ഉപകാരപ്രദമായ കാര്യങ്ങൾ നൽകുക തുടങ്ങിവ ലക്ഷ്യമാക്കിക്കൊണ്ടാണ് യൗമുൽ ഇബ്ദാ' സംഘടിപ്പിക്കുന്നത്.

ടെക്നോളജി, മാത്തമാറ്റിക്സ്, സോഷ്യൽ സയൻസ്, ഇസ്ലാമിക് സ്റ്റഡീസ്, ഭാഷയും സാഹിത്യവും, പരിസ്ഥിതി പഠനം, ഹെൽത്ത് ആൻഡ് ഹൈജീൻ, കമ്മ്യുണിറ്റി ഡെവലപ്മെന്റ് തുടങ്ങിയ മേഖലകളെ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾ ശരീഅ, ഷീ, ശരീഅ പ്ലസ്, ഷീ പ്ലസ് അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ മത്സരം സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പ്രോഗ്രാമിൽ എ പ്ലസ് ഗ്രേഡ് നേടി തിരഞ്ഞെടുക്കപ്പെട്ട 67 പ്രൊജക്റ്റുകളാണ് കേന്ദ്രീകൃത മത്സരത്തിൽ അവതരിപ്പിക്കുന്നത്.
രാവിലെ 10 മുതൽ വിദ്യാർഥികൾ 2 പേരടങ്ങുന്ന ജഡ്ജ്മെന്റ് പാനലിന് മുമ്പിൽ തങ്ങൾ അവതരിപ്പിക്കുന്ന പ്രോജക്റ്റ് കേന്ദ്രീകരിച്ചുള്ള അവതരണം നടത്തും. തുടർന്ന് ജഡ്ജ്മെന്റ് പാനൽ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് വിദ്യാർത്ഥികൾ മറുപടി നൽകും. തുടർന്ന് വൈകീട്ട് 4 മുതൽ തിരഞ്ഞെടുക്കപ്പെട്ട പ്രോജക്റ്റുകളുടെ പ്രദർശനവും ജേതാക്കൾക്കുള്ള അനുമോദന ചടങ്ങും നടക്കും.

SNEC MISSION 2030
Excellence Rooted in Ethics

# പെൺകുട്ടികളുടെ നീറ്റ്-ജെ.ഇ.ഇ റിപ്പീറ്റേഴ്സ് ബാച്ച് ആരംഭിച്ചു.

**കോഴിക്കോട്:** സമസ്ത നാഷണൽ എജ്യുക്കേഷൻ കൗൺസിലി (എസ് എൻ ഇ സി)ന്റെ നേതൃത്വത്തിൽ പെൺകുട്ടികളുടെ നീറ്റ്-ജെ.ഇ.ഇ റിപ്പീറ്റേഴ്സ് ബാച്ച് ആരംഭിച്ചു. കോഴിക്കോട് സമസ്ത കാര്യാലയത്തിൽ ചേർന്ന ഗവണിങ് കൗൺസിൽ യോഗ തീരുമാനപ്രകാരം കോഴിക്കോട് മടവൂരിലുള്ള എസ്.എൻ.ഇ.സി ലൈഫ് ഗേൾസ് സ്ഥാപനമായ തൂബ റെസിഡൻഷ്യൽ ക്യാമ്പസിലാണ് പ്രഥമ ബാച്ച് ആരംഭിച്ചത്. വിദ്യാർഥിനികൾക്ക് മികച്ച അക്കാദമിക പിന്തുണയും മത്സരപരീക്ഷാ പരിശീലനവും ഉറപ്പാക്കുന്ന രീതിയിലാണ് കോഴ്സ്. ദേശീയ തലത്തി ലുള്ള മത്സരപരീക്ഷാ പരിശീലനത്തിൽ പരിചയസമ്പ ന്നരായ അധ്യാപകരുടെ നേതൃത്വത്തിൽ സമഗ്രമായ പഠനപദ്ധതി, വിഷയാടിസ്ഥാനത്തിലുള്ള ക്ലാസുകൾ, ദൈനംദിന പരിശീലന പരീക്ഷകൾ, ആഴ്ചതോറു മുള്ള ഗ്രാൻഡ് ടെസ്റ്റുകൾ, ദേശീയ നിലവാരത്തിലുള്ള മോഡൽ പരീക്ഷകൾ, വ്യക്തിഗത മെന്ററിംഗ്, സംശയ നിവാരണ സെഷനുകൾ എന്നിവ പരിശീലനത്തിന്റെ ഭാഗമായി നടക്കും. ഓരോ വിദ്യാർഥിനിയുടെയും പഠനപുരോഗതി പ്രത്യേകം വിലയിരുത്തും. അക്കാ ദമിക മികവിനൊപ്പം ആത്മവിശ്വാസവും പരീക്ഷാ സന്നദ്ധതയും വളർത്തുന്നതിന് പ്രത്യേക കൗൺസി ലിംഗ്, മതപരമായ ശിക്ഷണം എന്നിവയും നൽകും.

ഹയർ സെക്കണ്ടറി സയൻസ് (ബയോളജി) സബ്ജക്റ്റിൽ ഫുൾ മാർക്ക് നേടിയ വിദ്യാർത്ഥി നികൾക്കും നീറ്റ് പരീക്ഷയിൽ 500 മാർക്കിന് മുകളിൽ നേടിയവർക്കും അക്കാഡമിക് ഫീസിൽ 100% സ്കോ ളർഷിപ്പും ഹയർ സെക്കണ്ടറി സയൻസ് (ബയോളജി) സബ്ജക്ടിൽ ഫുൾ A+ നേടിയവർക്കും നീറ്റ് പരീക്ഷയിൽ 450 മാർക്കിന് മുകളിൽ നേടിയവർക്കും അക്കാഡമിക് ഫീസിൽ 50% സ്കോളർഷിപ്പും കൗൺസിൽ പ്രഖ്യാപിച്ചു. നിലവിൽ ലൈഫ് പ്ലസ് , ലൈഫ് സ്ട്രീമുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥി കളുടെ റിസൾട്ട് ഏറെ പ്രതീക്ഷയാണ് എന്നും യോഗം വിലയിരുത്തി. യോഗത്തിൽ സമസ്ത സെക്രട്ടറി കെ ഉമർ ഫൈസി മുക്കം അധ്യക്ഷനായി. സമസ്ത കേന്ദ്ര മുശാവറ അംഗങ്ങളായ ഡോ. സി.കെ അബ്ദുറഹ്മാൻ ഫൈസി അരിപ്ര, എസ്.എൻ.ഇ.സി അക്കാദമിക് കൗൺസിൽ ചെയർമാൻ പി.എം അബ്ദുസ്സലാം ബാഖവി വടക്കേക്കാട്, സയ്യിദ് സാബിഖലി ശിഹാബ് തങ്ങൾ പാണക്കാട്, ഡോ. എൻ.എ.എം അബ്ദുൽ ഖാദർ, അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്, ഇ. മൊയ്ദീൻ ഫൈസി പുത്തനഴി, ഇബ്രാഹിം ഫൈസി പേരാൽ, എ.എം പരീദ് എറണാകുളം, എസ്.വി മുഹമ്മദലി, സത്താർ പന്തല്ലൂർ, മുസ്തഫ മാസ്റ്റർ മുണ്ടുപാറ, നാസർ ഫൈസി കൂടത്തായി, സുലൈമാൻ ദാരിമി ഏലംകുളം സംബന്ധിച്ചു.

# സുപ്രഭാതം ക്യാംപയിൻ കേന്ദ്രീകൃത ഉദ്ഘാടനം നടന്നു.



**കോഴിക്കോട്:** സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ മുഖപത്രമായ സുപ്രഭാതം ദിനപത്രത്തിന്റെ 13-ാം വാർഷിക ക്യാംപയിന്റെ ഭാഗമായി സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ ജൂലൈ 27 മുതൽ ഓഗസ്റ്റ് 15 വരെ സംഘടിപ്പിക്കുന്ന സുപ്രഭാതം ക്യാമ്പയിന്റെ കേന്ദ്രീകൃത ഉദ്ഘാടനം കോഴിക്കോട് സുപ്രഭാതം ഓഡിറ്റോറിയത്തിൽ നടന്നു. പരിപാടിയിൽ കോഴിക്കോട് വലിയ ഖാസി സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി, കുടക് അബ്ദുറഹ്മാൻ മുസ്‌ലിയാർ, എസ്.എൻ.ഇ.സി അക്കാദമിക് കൗൺസിൽ ചെയർമാൻ പി.എം അബ്ദുസ്സലാം ബാഖവി വടക്കേക്കാട്, സമസ്ത മാനേജർ കെ. മോയിൻ കുട്ടി മാസ്റ്റർ, മുസ്തഫ മുണ്ടുപാറ, സത്താർ പന്തല്ലൂർ, അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്, എസ്. മുഹമ്മദ് ദാരിമി, സുപ്രഭാതം സർക്കുലേഷൻ മാനേജർ ഷാനവാസ് സംബന്ധിച്ചു. ക്യാമ്പയിന്റെ ഭാഗമായി അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ സ്നേഹപൂർവ്വം സുപ്രഭാതം, എന്റെ വീട്ടിൽ എന്റെ സുപ്രഭാതം, സുപ്രഭാതം കോർണർ, വീഡിയോ പോഡ്കാസ്റ്റുകൾ, വിവിധ മത്സരങ്ങൾ നടക്കും.
സയ്യിദ് സൈഫുല്ലാഹ് തങ്ങൾ മഞ്ചേശ്വരം, സയ്യിദ് നിയാസ് അലി ശിഹാബ് തങ്ങൾ, ഹംസക്കോയ ചേളാരി, മുസ്തഫ അശ്റഫി കക്കുപ്പടി, സലാഹുദ്ധീൻ ഫൈസി വല്ലപ്പുഴ സംബന്ധിച്ചു. സമാപന പ്രാർത്ഥനക്ക് എസ്.എൻ.ഇ.സി ഗവേർണിംഗ് കൗൺസിൽ അംഗം സയ്യിദ് പൂക്കോയ തങ്ങൾ ബാഅലവി കാടാമ്പുഴ നേതൃത്വം നൽകി. അക്കാദമിക് കൗൺസിൽ കൺവീനർ ഡോ. ബഷീർ പനങ്ങാങ്ങര സ്വാഗതവും അസിസ്റ്റന്റ് ഡയറക്ടർ ജസീൽ ഹുദവി നന്ദിയും പറഞ്ഞു.

# എസ്.എൻ.ഇ.സി ഫാക്വൽറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ സമാപിച്ചു.

**കോഴിക്കോട്:** സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ അധ്യാപകർക്കുള്ള ഫാക്വൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം (എഫ്.ഡി.പി) "തഫ്ഹീം" ജൂലൈ 23 വ്യാഴാഴ്ച മലപ്പുറം തിരൂരിലുള്ള അഹമ്മദ് കുട്ടി മുസ്‌ലിയാർ മെമ്മോറിയൽ കോളേജ് ഓഫ് ഇസ്‌ലാമിക് ആൻഡ് ആർട്സിലും 27 തിങ്കളാഴ്ച കോഴിക്കോട് സുപ്രഭാതം ഓഡിറ്റോറിയത്തിലും നടന്നു. ഫാക്വൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ വിവിധ സെഷനുകൾക്ക് എസ്.എൻ.ഇ.സി അക്കാദമിക് കൗൺസിൽ ചെയർമാൻ പി.എം അബ്ദുസ്സലാം ബാഖവി വടക്കേക്കാട്, കൗൺസിൽ അംഗം ഷുഹൈബുൽ ഹൈതമി വാരാമ്പറ്റ, ബഷീർ അസ്അദി നമ്പ്രം നേതൃത്വം നൽകി. എസ്.എൻ,ഇ,സി ശരീഅ, ഷീ, ശരീഅ പ്ലസ്, ഷീ പ്ലസ്, ബയ്യിനാത്ത് അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ അധ്യാപകർ സംബന്ധിച്ചു.

# സയ്യിദ് ഉമറലി ശിഹാബ് തങ്ങൾ സ്കോളർഷിപ്പ് എക്സാം; വിജയികളെ പ്രഖ്യാപിച്ചു.

ഫാത്തിമ ഷിഫാന കെ.പി (ഹയാത്തുൽ ഇസ്‌ലാം മദ്റസ, നെല്ലായ റൈഞ്ച്) ഒന്നാം സ്ഥാനവും ഹനീന കെ (തഅലീമുസ്വിബ്‌യാൻ മദ്റസ, നല്ലളം റൈഞ്ച്) രണ്ടാം സ്ഥാനവും ഫാഇദ കെ (ഇമാദുദ്ധീൻ മദ്റസ, പാവുക്കോണം റൈഞ്ച്) മൂന്നാം സ്ഥാനവും നേടി.

**ചേളാരി:** സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) സ്ട്രീമുകളി ലേക്കുള്ള 2026-27 അധ്യയന വർഷത്തെ സമസ്ത നാഷനൽ എജ്യുക്കേഷൻ എൻട്രൻ സ് ടെസ്റ്റിന്റെ (SNEET) പ്രചരണാർത്ഥം സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സയ്യിദ് ഉമറലി ശിഹാബ് തങ്ങൾ സ്കോളർഷിപ്പ് എക്സാമി ലെ വിജയികളെ പ്രഖ്യാപിച്ചു. ഫാത്തിമ ഷിഫാന കെ.പി (ഹയാത്തുൽ ഇസ്‌ലാം മദ്റസ, നെല്ലായ റൈഞ്ച്) ഒന്നാം സ്ഥാനവും ഹനീന കെ (തഅലീമുസ്വിബ്‌യാൻ മദ്റസ, നല്ലളം റൈഞ്ച്) രണ്ടാം സ്ഥാനവും ഫാഇദ കെ (ഇമാദുദ്ധീൻ മദ്റസ, പാവുക്കോണം റൈഞ്ച്) മൂന്നാം സ്ഥാനവും നേടി. ഒന്നാം സ്ഥാനം നേടിയ വിദ്യാർത്ഥിനിക്ക് 25000 രൂപയും രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർക്ക് യഥാക്രമം 15000, 10000 രൂപയും സ്കോളർഷിപ്പ് തുകയായി സമ്മാനിക്കും. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയ വിദ്യാർത്ഥികൾ മലപ്പുറം ജില്ലയിലെ എടപ്പാളിലുള്ള ദാറുൽ ഹിദായ വിമൻസ് അക്കാദമിയിലും വെളിമുക്ക് ക്രസന്റ് എസ്.എൻ.ഇ.സി ഷീ ക്യാമ്പസിലും തൃശൂർ ജില്ലയിലെ വെള്ളറക്കാടുള്ള ഖദീജ ബിൻത് ബുഖാരി (കെ.ബി.ബി) ഷീ ക്യാമ്പസിലുമായി സനാഇയ്യ പഠനം നടത്തിവരികയാണ്. ചേളാരി സമസ്താലയ ത്തിൽ നടന്ന എസ്.എൻ. ഇ.സി പി.ആർ സെൽ യോഗത്തിൽ അക്കാദമിക് കൗൺസിൽ ചെയർമാൻ പി.എം അബ്ദുസ്സലാം ബാഖവി വടക്കേക്കാട് അധ്യക്ഷനായി, കെ.കെ.എസ് തങ്ങൾ വെട്ടിച്ചിറ , കെ.ടി ഹുസ്സൈൻ കുട്ടി മുസ്‌ലിയാ ർ , സത്താർ പന്തല്ലൂർ, ഒ.പി.എം അഷ്റഫ്, റാഫി പെരുമുക്ക് സംബന്ധിച്ചു. സ്കോളർഷി പ്പ് പരീക്ഷയിൽ ആദ്യ 100 റാങ്കുകൾ നേടിയ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനവും യോഗം പ്രഖ്യാപിച്ചു.

# അസസ്മെന്റ് ഇന്സ്പെക്ഷനുകൾ ആരംഭിച്ചു.

**കോഴിക്കോട്:** സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി)അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ 2026-27 അധ്യയന വർഷത്തെ അസസ്മെന്റ് ഇൻസ്പെക്ഷനുകൾ ആരംഭിച്ചു. അഫിലിയേറ്റഡ് സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്താനും വിലയിരുത്താനുമാണ് ഓരോ അക്കാദമിക വർഷവും ഇൻസ്പെക്ഷനുകൾ നടത്തുന്നത്. അക്കാദമിക രംഗത്തെ പ്രമുഖരാണ് നടപടികൾക്ക് നേതൃത്വം നൽകുന്നത്.

# റബീഹ് ക്യാംപയിൻ 14 മുതൽ

**കോഴിക്കോട്:** സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ വിശുദ്ധ റബീഉൽ അവ്വലിനോട് അനുബന്ധിച്ച് 'തിരുനബി (സ): കാലം തേടുന്ന കാരുണ്യം' എന്ന മോട്ടോയിൽ "കമാലിയത്ത്" റബീഹ് ക്യാംപയിൻ സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് 14 മുതൽ സെപ്തംബർ 12 വരെ നടക്കുന്ന ക്യാംപയിൻ കാലയളവിൽ അന്താരാഷ്ട്ര മീലാദ് കോൺഫറൻസ്, സമസ്ത പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങളുടെ നേതൃത്വത്തിൽ സുഹ്ബ മജ്ലിസ്, വീഡിയോ പോഡ്കാസ്റ്റുകൾ, സോഷ്യൽ മീഡിയ ക്യാംപയിൻ, വനിതകൾക്ക് ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്, എസ്.എൻ.ഇ.സി വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവർക്ക് വിവിധ മത്സരങ്ങൾ, ക്യാംപയിൻ സമാപനം, സമ്മാന ദാനം എന്നിവ നടക്കും.




ഷീ പി.ജി മുഖദ്ദിമയിൽ അക്കാദമിക് കൗൺസിൽ അംഗം അബ്ദുള്ള മുജ്തബ ഫൈസി സിലബസ് ഓറിയന്റേഷൻ നൽകുന്നു.

# എസ്.എസ്.ഒ ദേശീയ സെമിനാർ സംഘടിപ്പിച്ചു.




**ചേളാരി:** സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) സ്ട്രീമുകളി ലേക്കുള്ള 2026-27 അധ്യയന വർഷത്തെ സമസ്ത നാഷനൽ എജ്യുക്കേഷൻ എൻട്രൻ സ് ടെസ്റ്റിന്റെ (SNEET) പ്രചരണാർത്ഥം സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സയ്യിദ് ഉമറലി ശിഹാബ് തങ്ങൾ സ്കോളർഷിപ്പ് എക്സാമി ലെ വിജയികളെ പ്രഖ്യാപിച്ചു. ഫാത്തിമ ഷിഫാന കെ.പി (ഹയാത്തുൽ ഇസ്‌ലാം മദ്റസ, നെല്ലായ റൈഞ്ച്) ഒന്നാം സ്ഥാനവും ഹനീന കെ (തഅലീമുസ്വിബ്‌യാൻ മദ്റസ, നല്ലളം റൈഞ്ച്) രണ്ടാം സ്ഥാനവും ഫാഇദ കെ (ഇമാദുദ്ധീൻ മദ്റസ, പാവുക്കോണം റൈഞ്ച്) മൂന്നാം സ്ഥാനവും നേടി. ഒന്നാം സ്ഥാനം നേടിയ വിദ്യാർത്ഥിനിക്ക് 25000 രൂപയും രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർക്ക് യഥാക്രമം 15000, 10000 രൂപയും സ്കോളർഷിപ്പ് തുകയായി സമ്മാനിക്കും. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയ വിദ്യാർത്ഥികൾ മലപ്പുറം ജില്ലയിലെ എടപ്പാളിലുള്ള ദാറുൽ ഹിദായ വിമൻസ് അക്കാദമിയിലും വെളിമുക്ക് ക്രസന്റ് എസ്.എൻ.ഇ.സി ഷീ ക്യാമ്പസിലും തൃശൂർ ജില്ലയിലെ വെള്ളറക്കാടുള്ള ഖദീജ ബിൻത് ബുഖാരി (കെ.ബി.ബി) ഷീ ക്യാമ്പസിലുമായി സനാഇയ്യ പഠനം നടത്തിവരികയാണ്. ചേളാരി സമസ്താലയത്തിൽ നടന്ന എസ്.എൻ. ഇ.സി പി.ആർ സെൽ യോഗ ത്തിൽ അക്കാദമിക് കൗൺസിൽ ചെയർമാ ൻ പി.എം അബ്ദുസ്സലാം ബാഖവി വടക്കേക്കാട് അധ്യക്ഷനായി, കെ.കെ.എസ് തങ്ങൾ വെട്ടിച്ചിറ , കെ.ടി ഹുസ്സൈൻ കുട്ടി മുസ്‌ലിയാ ർ , സത്താർ പന്തല്ലൂർ, ഒ.പി.എം അഷ്റഫ്, റാഫി പെരുമുക്ക് സംബന്ധിച്ചു. സ്കോളർഷിപ്പ് പരീക്ഷയിൽ ആദ്യ 100 റാങ്കുകൾ നേടിയ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന

# വെളിമുക്ക് ക്രസന്റിൽ ഷീ പി.ജി പഠനാരംഭം

സനാഇയ്യ ബിരുദം/തത്തുല്യ യോഗ്യതയുള്ള വിദ്യാർഥിനികൾക്ക് എസ്.എൻ.ഇ.സി നൽകുന്ന ദ്വിവർഷ പി.ജിയിലേക്കുള്ള 2026-27 അധ്യയന വർഷത്തെ പഠനാരംഭം നടന്നു.

**മലപ്പുറം:** സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിലിന്റെ (എസ്.എൻ.ഇ.സി) 2026-27 അധ്യയന വർഷത്തെ ഷീ പി.ജി ബാച്ചുകളിലേക്ക് അഡ്മിഷൻ നേടിയ വിദ്യാർത്ഥിനികളുടെ മുഖദ്ദിമ (പഠനാരംഭം) മലപ്പുറം വെളിമുക്ക് ക്രസന്റ് എസ്.എൻ.ഇ.സി ഷീ ക്യാംപസിൽ നടന്നു. എസ്.എൻ.ഇ.സി അക്കാദമിക് കൗൺസിൽ ചെയർമാൻ പി.എം അബ്ദുസ്സലാം ബാഖവി വടക്കേക്കാട് പരിപാടി ഉദ്ഘാടനം ചെയ്തു. ഗവേർണിംഗ് കൗൺസിൽ അംഗം അബ്ദുല്ല മുജ്തബ ഫൈസി ആനക്കര സിലബസ് ഓറിയന്റേഷൻ നൽകി. സി.കെ മൊയ്തീൻ ഫൈസി, വഹാബ് ഹൈതമി, അബ്ദുള്ള മുജ്തബ ഫൈസി ആനക്കര, സുഹൈൽ ഹൈതമി പള്ളിക്കര, വാഹിദ് ഹൈതമി, ജാബിർ ഹൈതമി സംസാരിച്ചു. 2026-27 അധ്യയന വർഷം എസ്.എൻ.ഇ.സി ഷീ പി.ജി അഡ്മിഷൻ നേടിയ വിദ്യാർത്ഥി നികൾ, രക്ഷിതാക്കൾ സംബന്ധിച്ചു.
ഷീ പി.ജി മുഖദ്ദിമ എസ്.എൻ.ഇ.സി അക്കാദമിക് കൗൺസിൽ ചെയർമാൻ പി.എം അബ്ദുസ്സലാം ബാഖവി ഉദ്ഘടാനം ചെയ്യുന്നു



സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) സെൻട്രൽ ഓഫീസ് സ്റ്റാഫ് അഡ്മിനിസ്ട്രേറ്റീവ് എക്സലൻസ് പ്രോഗ്രാമിൽ നിന്ന്.

# എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കുള്ള ക്യാംപ് ശ്രദ്ധേയമായി



**കോഴിക്കോട്:** സമസ്ത നാഷനൽ എജുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ നിന്ന് ഈ വർഷം എസ്.എസ്.എൽ.സി പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്കുള്ള ഏകദിന ക്യാംപ് ശ്രദ്ധേയമായി. കോഴിക്കോട് സുപ്രഭാതം ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ വിദ്യാർത്ഥികളെ എസ്.എസ്.എൽ.സി പരീക്ഷയെ ആത്മവിശ്വാസത്തോടെ നേരിടാനും പഠന പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി ഏകോപിപ്പിക്കാനും സഹായിക്കുന്ന വിവിധ സെഷനുകൾക്കൊപ്പം നവ സാമൂഹിക സാഹചര്യങ്ങളിൽ ഒരു വിദ്യാർത്ഥി എങ്ങനെയായിരിക്കണമെന്നും സമൂഹത്തോടുള്ള അവരുടെ കടമകളും കടപ്പാടുകളും വിശദീകരിക്കുകയും ചെയ്തു. പരിപാടി എസ്.എൻ.ഇ.സി അക്കാദമിക് കൗൺസിൽ ചെയർമാൻ പി.എം അബ്ദുസ്സലാം ബാഖവി വടക്കേക്കാട് ഉദ്ഘാടനം ചെയ്തു. വിവിധ സെഷനുകൾക്ക് സുഹൈൽ റഹ്മാനി കുമരംപുത്തൂർ, നസ്‌റുൽ ഇസ്‌ലാം, റഹൂഫ് മാസ്റ്റർ, കബീർ മാസ്റ്റർ നേതൃത്വം നൽകി, ശരീഅ പ്ലസ്, ബയ്യിനാത്ത് അഫിലിയേറ്റഡ് സ്ഥാപങ്ങളിലെ മൂന്നാം വർഷ വിദ്യാർത്ഥികൾ സംബന്ധിച്ചു. ക്യാംപിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കുള്ള പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

# വിദ്യാർത്ഥികൾ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നവരാകുക: പി.എം അബ്ദുസ്സലാം ബാഖവി വടക്കേക്കാട്

**കോഴിക്കോട്:** വിദ്യാഭ്യാസ രംഗത്ത് ഇന്ന് ലഭ്യമായ വൈവിധ്യമാർന്ന അവസരങ്ങളെ വിദ്യാർത്ഥികൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും, പഠനത്തി നും വ്യക്തിത്വ വികസനത്തിനും സാഹചര്യ മൊരുക്കുന്ന സമൂഹത്തോടും സമസ്തയോടും നന്ദിയും ഉത്തരവാദിത്വബോധവും പുലർത്തണമെന്നും എസ്. എൻ.ഇ.സി അക്കാദമിക് കൗൺസിൽ ചെയർമാൻ പി.എം അബ്ദുസ്സലാം ബാഖവി വടക്കേക്കാട് പറഞ്ഞു. ഓരോ വിദ്യാർത്ഥിയിലും വ്യത്യസ്തമായ കഴിവുകളും സാധ്യതകളും ഒളിഞ്ഞുകിടക്കുന്നുണ്ടെന്നും അവ കണ്ടെത്തി വളർത്തിയെടുക്കാൻ പരിശ്രമിക്കേണ്ടതു ണ്ട്, വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിന് സഹായകമായ നിരവധി അക്കാദമിക, പാഠ്യ, പഠ്യേതര അവസരങ്ങൾ എസ്.എൻ.ഇ.സിയിലൂടെയും മറ്റു സംവിധാനങ്ങളിലൂടെയും ഇന്ന് ലഭ്യമാണെന്നും അത് പരമാവധി ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കോഴിക്കോട് സുപ്രഭാതം ഓഡിറ്റോറിയത്തിൽ ചേർന്ന സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) വിദ്യാർത്ഥി സംഘടനയായ എസ്.എൻ.ഇ.സി സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ (എസ്.എസ്.ഒ) ബോയ്സ് വാർഷിക കൗൺസിൽ മീറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പരിപാടിയിൽ എസ്.എൻ.ഇ.സി ഡീൻ ഓഫ്



സ്റ്റുഡന്റ്സ് വെൽഫെയർ (ഡി.എസ്.ഡബ്ല്യു) ഡോ. ഷഫീഖ് റഹ്മാനി വഴിപ്പാറ അധ്യക്ഷനായി. എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന ജനറൽ സെക്രട്ടറി ഒ.പി.എം അഷ്‌റഫ് മുഖ്യ പ്രഭാഷണം നടത്തി. റാഫി റഹ്മാനി പുറമേരി, ഷാനിദ് കൊടുവള്ളി, ശമീം പാങ്ങ്, മുസമ്മിൽ പുത്തൂർ, സയ്യിദ് ഹാദി തങ്ങൾ സംസാരിച്ചു. 2025-26 അധ്യയന വർഷത്തെ മികച്ച കോളേജ് ഓർഗനൈസേഷനുകളായി കാസർഗോഡ് കുമ്പള ഇമാം ഷാഫി ഇസ്‌ലാമിക് അക്കാദമിയിലെ "മിസ", വയനാട് വെങ്ങപ്പള്ളി ശംസുൽ ഉലമ ഇസ്‌ലാമിക് അക്കാദമിയിലെ "സിയാസ", മലപ്പുറം കുമ്മിണിപ്പറമ്പ് തൻവീർ ഇസ്‌ലാമിക് ആൻഡ് ആർട്സ് കോളേജിലെ "ഉസ് വ" തുടങ്ങിയവയെ തിരഞ്ഞെടുത്തു. അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ അധ്യാപകർ, കൗൺസിൽ അംഗങ്ങൾ സംബന്ധിച്ചു. സിറാജ് കുക്കാജെ സ്വാഗതവും അബ്ദുൽ ഹഖ് വെഞ്ഞാറമൂട് നന്ദിയും പറഞ്ഞു.

# സനാഉ, സനാഇയ്യ; ഫൈനൽ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

ശരീഅ മുത്വവ്വൽ (മാജസ്തീർ) തഫ്സീർ വിഭാഗത്തിൽ മുഹമ്മദ് ഷാനിദ് കൊടുവള്ളി ഒന്നാം റാങ്ക് നേടി, മുഹമ്മദ് സഊദ് എം.എസ് വാളാട് രണ്ടും മുഹമ്മദ് ശിബിലി കെ പൊന്മുണ്ടം (ശംസുൽ ഉലമ ഇസ്‌ലാമിക് അക്കാദമി വെങ്ങപ്പള്ളി, വയനാട്) മൂന്നും റാങ്കുകൾ നേടി. സനാഇയ്യ (ഷീ സ്ട്രീം) അവസാന വർഷ പരീക്ഷയിൽ മാർജാന ഫാത്തിമ കെ.കെ (ഇമാം ഷാഫി ഷീ ക്യാംപസ്, കുമ്പള, കാസർഗോഡ്) ഒന്നാം റാങ്കും അഫീഫത്ത് ജുമാന കെ രണ്ടാം റാങ്കും ആമിന ഫഹിയ മൂന്നാം റാങ്കും (ഗ്രേയ്സ് വാലി ഇസ്‌ലാമിക് കോളേജ് ഫോർ ഗേൾസ്) നേടി.

സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി) അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ നടന്ന 2025-26 അധ്യയന വർഷത്തെ ഈവൻ സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ശരീഅ മുത്വവ്വൽ (മാജസ്തീർ) തഫ്സീർ വിഭാഗത്തിൽ മുഹമ്മദ് ഷാനിദ് കൊടുവള്ളി ഒന്നാം റാങ്ക് നേടി, മുഹമ്മദ് സഊദ് എം.എസ് വാളാട് രണ്ടും മുഹമ്മദ് ശിബിലി കെ പൊന്മുണ്ടം (ശംസുൽ ഉലമ ഇസ്‌ലാമിക് അക്കാദമി വെങ്ങപ്പള്ളി, വയനാട്) മൂന്നും റാങ്കുകൾ നേടി. സനാഇയ്യ (ഷീ സ്ട്രീം) അവസാന വർഷ പരീക്ഷയിൽ മാർജാന ഫാത്തിമ കെ.കെ (ഇമാം ഷാഫി ഷീ ക്യാംപസ്, കുമ്പള, കാസർഗോഡ്) ഒന്നാം റാങ്കും അഫീഫത്ത് ജുമാന കെ രണ്ടാം റാങ്കും ആമിന ഫഹിയ മൂന്നാം റാങ്കും (ഗ്രേയ്സ് വാലി ഇസ്‌ലാമിക് കോളേജ് ഫോർ ഗേൾസ്) നേടി. ശരീഅ ഡിഗ്രി (ബകാലൂരിയ്യ) ഫൈനലിൽ മുഹമ്മദ് മുഹാസിൻ ഒന്നും, മുഹമ്മദ് മിഖ്ദാദ് എസ്. എ (കർണാടക ഇസ്‌ലാമിക് അക്കാദമി, കുമ്പ്ര, മംഗലാപുരം) രണ്ടും ബിലാൽ ഇ.എസ് (ശംസുൽ ഉലമ ഇസ്‌ലാമിക് അക്കാദമി വെങ്ങപ്പള്ളി, വയനാട്) മൂന്നും റാങ്കുകൾ നേടി, ശരീഅ ഹയർ സെക്കണ്ടറി വിഭാഗത്തിൽ (സാനവിയ്യ) മുഹമ്മദ് നബീൽ എ.പി (ശംസുൽ ഉലമ ഇസ്‌ലാമിക് അക്കാദമി വെങ്ങപ്പള്ളി, വയനാട്) ഒന്നാം റാങ്ക് നേടി, മുഹമ്മദ് സിനാൻ പി.പി (ഗ്രേയ്സ് വാലി ഇസ്‌ലാമിക് കോളേജ് ഫോർ ബോയ്സ്, മരവട്ടം, മലപ്പുറം) രണ്ടും മുഹമ്മദ് മുഫ്‌ലിഹ് (ശംസുൽ ഉലമ ഇസ്‌ലാമിക് അക്കാദമി വെങ്ങപ്പള്ളി, വയനാട്) മൂന്നും റാങ്കുകൾ നേടി. ഹയർ സെക്കണ്ടറിയിൽ (ഷീ) ഷൈമ മുഹമ്മദ് അഷ്‌റഫ് (ഗ്രേയ്സ് വാലി ഇസ്‌ലാമിക് കോളേജ് ഫോർ ഗേൾസ്, മരവട്ടം, മലപ്പുറം) ഒന്നാം റാങ്ക് നേടി, ആയിഷ ഫർഹ പറമ്മൽ (മർകസ് ഇസ്‌ലാമിക് ആൻഡ് ആർട്സ് വനിതാ കോളേജ്, കളമശ്ശേരി, എറണാകുളം) രണ്ടും, ആത്തിയ പി.കെ (ദാറുൽ ഹിദായ വിമൻസ് അക്കാദമി എടപ്പാൾ, മലപ്പുറം) മൂന്നും റാങ്കുകൾ നേടി. റാങ്ക് ജേതാക്കളെ സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് ജനറൽ സെക്രട്ടറിയും എസ്.എൻ.ഇ.സി പരീക്ഷാ കൺട്രോളറുമായ എം.ടി അബ്ദുള്ള മുസ്‌ലിയാർ അനുമോദിച്ചു.

സയ്യിദ് സൈഫുല്ലാഹ് തങ്ങൾ മഞ്ചേശ്വരം, സയ്യിദ് നിയാസ് അലി ശിഹാബ് തങ്ങൾ, ഹംസക്കോയ ചേളാരി, മുസ്തഫ അശ്റഫി കക്കുപ്പടി, സലാഹുദ്ധീൻ ഫൈസി വല്ലപ്പുഴ സംബന്ധിച്ചു. സമാപന പ്രാർത്ഥനക്ക് എസ്.എൻ.ഇ.സി ഗവേർണിംഗ് കൗൺസിൽ അംഗം സയ്യിദ് പൂക്കോയ തങ്ങൾ ബാ അലവി കാടാമ്പുഴ നേതൃത്വം നൽകി. അക്കാദമിക് കൗൺസിൽ കൺവീനർ ഡോ. ബഷീർ പനങ്ങാങ്ങര സ്വാഗതവും അസിസ്റ്റന്റ് ഡയറക്ടർ ജസീൽ ഹുദവി നന്ദിയും പറഞ്ഞു.



മുഹമ്മദ് ഷാനിദ് കൊടുവള്ളി



മുഹമ്മദ് സഊദ് വാളാട്



മുഹമ്മദ് ശിബിലി പൊന്മുണ്ടം

# ശംസുൽ ഉലമ അക്കാദമിയിൽ പിടിഎ കമ്മിറ്റി രൂപീകരണവും ഓഫീസ് ഉദ്ഘാടനവും നടന്നു.




**കൂത്തുപറമ്പ്:** ശംസുൽ ഉലമ അക്കാദമി 2026-27 അക്കാദമിക് വർഷത്തെ പുതിയ പിടിഎ കമ്മിറ്റി ഭാരവാഹികളെ തെര ഞ്ഞെടുത്തു. കോളേജ് പ്രിൻസി പ്പൽ ഉസ്താദ് കൊയ്യോട് ഉമർ മുസ്ലിയാരുടെ അധ്യക്ഷത യിൽ ചേർന്ന ജനറൽ ബോഡി യോഗത്തിലാണ് പുതിയ ഭാരവാഹി കളെ തെരഞ്ഞെടുത്തത്. കോളേജ് വിദ്യാർത്ഥി യൂണിയനായ ശംസുൽ ഉലമ അസോസിയേഷന്റെ പുതിയ ഓഫീസിന്റെ ഉദ്ഘാടനം പിടിഎ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട സയ്യിദ് ഉവൈസ് തങ്ങൾ വടകര നിർവ ഹിച്ചു.

പുതിയ ഭാരവാഹികൾ: രക്ഷാധി കാരികൾ: ശൈഖുനാ ഉമർ മുസ്ലിയാർ കൊയ്യോട്, എ.കെ. അഹമ്മദ് ഹാജി, യു.വി. മൂസ ഹാജി, യൂസഫ് ഹാജി, ജുനൈദ് സഅദി, കൗസർ ഹമീദ് ഹാജി, യു.വി. അഷ്‌റഫ് ഹാജി, അനസ് ഹൈത്തമി.

പ്രസിഡന്റ്: സയ്യിദ് ഉവൈസ് തങ്ങൾ വടകര, വൈസ് പ്രസിഡന്റുമാർ: മുസ്ലിയാർ താമര ശ്ശേരി, മുബാസ് കതിരൂർ, ജനറൽ സെക്രട്ടറി: ജവാദ് ഫൈസി മൂന്നിയൂർ, ജോയിന്റ് സെക്രട്ടറിമാ ർ: ശഫീഖ് ബാഖവി, നിസാർ വേങ്ങാട്, ട്രഷറർ: മുഹമ്മദ് ഇടച്ചേരി, എക്സിക്യൂ ട്ടീവ് കമ്മിറ്റി അംഗങ്ങൾ: മുഹമ്മദ് ഇസ്മായി ൽ ആറാം മൈൽ, അബ്ദുൽ വഹാബ് കിണവക്കൽ, സൈതലവി ഫൈസി മലപ്പുറം, സ്വാദിഖ് ഇബ്രാഹിം മാട്ടൂൽ, ഷൗക്കത്തലി തിരുവള്ളൂർ, മുഹമ്മദ് അസ്ലം സനൂസി ദാരിമി, മുഹമ്മദ് യാസീ ൻ ഹുദവി, അബ്ദുൽ ജവാദ് ഹുദവി, ഹാഫിള് അബ്ദുൽ വാഹിദ് ഫൈസി നിലാമുറ്റം, നിസാർ അൽ ഖാസിമി മയ്യിൽ. ചടങ്ങിൽ യു.വി. അഷ്‌റഫ് ഹാജി സ്വാഗതവും അസ്ലം സനൂസി നന്ദിയും പറഞ്ഞു.

# CAMPUS UPDATES

# ദേശീയ സെമിനാർ സംഘടിപ്പിച്ചു



ശംസുൽ ഉലമ ഇസ്ലാമിക് അക്കാദമി പി.ജി. തഫ്സീർ ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച നാഷനൽ സെമിനാറിൽ മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള പുരസ്കാരം ശുഐബുൽ ഹൈതമി നൽകുന്നു.

**വെങ്ങപ്പള്ളി :** ശംസുൽ ഉലമാ ഇസ്ലാമിക് അക്കാദമി പി ജി തഫ്സീർ ഡിപ്പാർട്ട്മെന്റിന് കീഴിൽ 'ഖുർആൻ വ്യാഖ്യാനങ്ങളുടെ രീതി ശാസ്ത്രം' എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു. തഫ്സീർ വിഷയവുമായി ബന്ധപ്പെട്ട് 15 അധികം പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ട സെമിനാറിൽ സ്ഥാപന വൈസ് പ്രിൻസിപ്പൽ ഹാമിദ് റഹ്മാനി ഉദ്ഘാടനം ചെയ്തു. ഉനൈസലി വാഫി തരുവണ ആമുഖ പ്രഭാഷണവും ശുഐബുൽ ഹൈതമി വിഷിഷ്ഠഥിതിയാവുകയും ചെയ്തു. അൽ-അസ്ഹർ യൂണിവേഴ്സിറ്റി തഫ്സീർ റിസർച്ച് സ്കോളർ ഹാഫിള് മുർതളാ ഹമീദ് നിസാമി ഗസ്റ്റ് ടോക്ക് നിർവഹിക്കുകയും സുഹൈർ അലി വാഫി പ്രബന്ധാവതരണങ്ങൾ വിലയിരുത്തകയും ഫലപ്രഖ്യാപനം നടത്തുകയും ചെയ്തു. ഒടമല ശൈഖ് ഫരീദ് ഔലിയ ദഅ്വ കോളേജ് വിദ്യാർത്ഥി മുഹമ്മദ് സ്വാലിഹ്വി അവതരിപ്പിച്ച 'ഖുർആൻ വ്യാഖ്യാനത്തിൽ ഹദീസിന്റെ പ്രയോഗം, കേരളത്തിലെ തെരഞ്ഞെടുത്ത സുന്നി തഫ്സീർ ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ള ഒരു രീതി ശാസ്ത്ര പഠനം ' എന്ന പ്രബന്ധം മികച്ച പ്രബന്ധമായി തെരഞ്ഞെടുത്തു. കുഞ്ഞി മുഹമ്മദ് ദാരിമി, സിറാജുദ്ധീൻ നിസാമി, ജഅഫർ ഹൈതമി, അഷ്മൽ ഫൈസി, ഇർഷാദ് വിളയിൽ, അസ്ലം കടലുണ്ടി, സാബിത്ത് പയ്യനാട്, ഷമീം പാങ്ങ് പങ്കെടുത്തു.അക്കാദമി മാനേജർ എ കെ സുലൈമാൻ മൗലവി അധ്യക്ഷനായ സദസ്സിൽ സൽമാൻ വിഴിഞ്ഞം സ്വാഗതവും, ഫാസിൽ കാവടം നന്ദിയും പറഞ്ഞു.

# ലഹരി വിരുദ്ധ ക്യാമ്പയിൻ നടത്തി

**മാരായമംഗലം:** സംസ്ഥാന സർക്കാരും സമസ്തയും സഹകരിച്ചു നടത്തുന്ന തൂഫാൻ അവബോധ സദസ്സ് മാരായമംഗലം S N E C കോളേജ് വിദ്യാർത്ഥി യൂണിയൻ സെമീക്ക് കോളേജ് ഹിഫ്സ് ഓഡിറ്റോ റിയത്തിൽ വെച്ച് വിപുലമായി നടത്തി. പ്രിൻസിപ്പൽ അബൂബ ക്കർ സിദ്ധീഖ് നദ്‌വി അധ്യക്ഷത വഹിച്ച പ്രോഗ്രാം ജില്ലാ പഞ്ചായത്ത് മെമ്പർ അൻവർ സാദത്ത് ഉൽഘാടനം ചെയ്തു. കോളേജ് വിദ്യാർത്ഥി സിനാൻ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുത്ത സെഷനിൽ ചേർപ്പുളശ്ശേരി റേഞ്ച് എക്സൈസ് ഓഫീസർ ജാക്സൺ സണ്ണി അവബോധ ക്ലാസ് നടത്തി സദസ്സുമായി സംവദിച്ചു. ഓർഗാനസിങ് സെക്രട്ടറി ഹസ്സൈനാർ MP സ്വാഗതംവും സെക്രട്ടറി ഹക്കീം P K നന്ദിയും പറഞ്ഞ സദസ്സിൽ യുവാക്കൾ വിവിധ മഹല്ല് ഭാരവാഹികൾ കോളേജ് മദ്രസ അധ്യാപകർ പ്രവാസി കൂട്ടായ്മ പ്രതി നിധികൾ തുടങ്ങിയവർ പങ്കെടു ത്തു

## പ്രൊഫ. കെ. ആലിക്കുട്ടി മുസ്ലിയാർ അനുസ്മരണവും ഖത്മുൽ ഖുർആൻ സദസ്സും സംഘടിപ്പിച്ചു.



**ചട്ടഞ്ചാൽ:** എം.ഐ.സി അർഷദുൽ ഉലൂം ദഅ്വ കോളേജ് സ്റ്റുഡന്റ്സ് യൂണിയന്റെ (A S U ) ആഭിമുഖ്യത്തിൽ പ്രൊഫ. കെ. ആലിക്കുട്ടി മുസ്ലിയാർ അനുസ്മരണവും പ്രാർത്ഥനാ സദസ്സും സംഘടിപ്പിച്ചു. അസ്‌ലം അർഷദി അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പാൾ അലി ദാരിമി ഉസ്താദ് അനുസ്മരണ പ്രഭാഷ ണവും ഖത്മുൽ ഖുർആൻ പ്രാർത്ഥനയും നിർവ്വഹിച്ചു. സ്റ്റുഡന്റ്സ് യൂണിയൻ പ്രസിഡന്റ് ഹുസൈൻ സ്വാഗതവും മുഹമ്മദ് അസ്ഹർ ഹുദവി നന്ദിയും പറഞ്ഞു. വിദ്യാർത്ഥികളും സ്ഥാപന പ്രതിനിധി കളും പരിപാടിയിൽ പങ്കെടുത്തു.

# അഹ്സ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു.

**വടക്കാങ്ങര:** അൻവാറുൽ ഹുദാ ശരീഅ കോളേജ് സ്റ്റുഡൻസ് യൂണിയൻ അഹ്സ പ്രവർത്തനോദ്ഘാടനം സയ്യിദ് കെ.പി.എസ് പൂക്കോയ തങ്ങൾ കടുങ്ങപുരം നിർവഹിച്ചു. എസ്.കെ.എസ്.എസ്.എഫ് വൈസ് പ്രസിഡന്റ് സത്താർ പന്തല്ലൂർ മുഖ്യാഥിതിയായി. ആധുനിക കാലഘട്ടത്തിൽ വിദ്യാർത്ഥി ജീവിതം എങ്ങനെ യായിരിക്കണമെന്നും, കരിയർ വിജയത്തിനും വ്യക്തിത്വ വികാസത്തിനും അറിവ് സ്വായത്ത മാക്കൽ എത്രത്തോളം അനിവാര്യമാണെന്നതി നെക്കുറിച്ചും അദ്ദേഹം സദസ്സിനോട് വിശദീക രിച്ചു. പ്രിൻസിപ്പൽ അബ്ദുൽ ലത്തീഫ് ഹുദവി അധ്യക്ഷത വഹിച്ച ചടങ്ങിൽ മദ്രാസ് ഐ.ഐ.ടി പ്രിൻസിപ്പൾ സയന്റിസ്റ്റ് ഡോക്ടർ നബീൽ നയിച്ച ഗസ്റ്റ് ടോക്ക് വിദ്യാർത്ഥികൾക്ക് ഇസ്‌ലാമിക ആശയാദർശങ്ങൾക്ക് അധിഷ്ഠിതമായി ഉയര ങ്ങൾ കീഴടക്കാൻ കൂടുതൽ പ്രചോദനം നൽകുന്നതായിരുന്നു. ഫവാസ് ഫൈസി, നിഷാൻ ഹുദവി, നജ്മുദ്ദീൻ ഫൈസി, ഷമീം ഹുദവി, സുഹൈൽ ഫൈസി, അജ്സൽ ഫൈസി തുടങ്ങിയവർ സംബന്ധിച്ചു. ശമ്മാസ് കണ്ണ്യാല സ്വാഗതവും ഷാമിൽ കുറ്റിപ്പുറം നന്ദിയും പറഞ്ഞു.




## Union Literary Fest at Darul Hidaya Women's Academy

**Edappal:** Darul Hidaya Women's Academy successfully hosted the HUDHA Union Literary Fest on 25 and 26 July 2026, providing a vibrant platform for students to exhibit their literary excellence, intellectual abilities, and creative talents through a variety of competitions and academic events.

As part of the Literary Fest, a Debate on the topic "AI vs Human Intelligence" was held on 26 July 2026 under the guidance of Abdu Samad WAFY, an IT Professional. The event encouraged participants to critically examine the evolving relationship between artificial intelligence and human intellect through thoughtful and engaging discussions.

The Literary Fest also featured a Panel Discussion on "Women's Presence in Public Spaces," moderated by Hadi Munawwir Hudavi, Welfare Coordinator, Darul Huda Da'wa College, Manoor. The discussion explored the opportunities, challenges, and significance of women's active participation in public life, fostering meaningful dialogue among the participants.

## മജ്‌ലിസുന്നൂറും ഹംസ ഫൈസി അനുസ്മരണവും



**മാന്നാർ :** നഫീസത്തുൽ മിസ്രിയ്യ ഇസ് ലാമിക് ആൻഡ് ആർട്സ് കോളജിന്റെ (സനാ ഇയ്യ) നേതൃത്വത്തിൽ എല്ലാ മാസവും നടത്തിവരാറുള്ള മജ്‌ലിസുന്നൂറും പ്രാർത്ഥനയും മർഹും ഹംസ ഫൈസി അനുസ്മരണവും നടന്നു. കോളജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കോളജ് പ്രിൻസിപ്പൽ ശൗകത് ഫൈസി അനുസ്മരണ പ്രഭാഷണം നടത്തി. മാന്നാർ മുസ്ലിം ജമാഅത്ത് ചീഫ് ഇമാം സഹലബത്ത് ദാരിമി പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. മാന്നാർ കുരട്ടിക്കാട് മൂഹിയുദ്ധീൻ ജുമാ മസ്ജിദ് ഇമാം നിസാമുദ്ധീൻ നഈമി, അസിസ്റ്റന്റ് ഇമാം ഷമീർ ബാഖവി, കോളജ് ചെയർമാൻ ഇസ്മായിൽകുഞ്ഞ് ഹാജി, അധ്യാപകരായ യൂസുഫ് ഫൈസി, ഇബ്രാഹിം ഫൈസി, മാനേജർ ഷഫീഖ്, എന്നിവർ പങ്കെടുത്തു.

## PHOTO GLIMPSES




## SNEC UPCOMING

- SNEC Message on the occasion of India's Independence Day will be delivered in all SNEC-affiliated institutions on Friday, 14 August 2026, as part of the nationwide Independence Day observance.
- SNEC SHARI'A & SHE Cascading Programme will be held on Thursday, 20 August 2026, with the participation of Liwa-ul Huda Islamic Complex, Keezhuparamba, and Grace Valley Islamic College for Girls, Maravattom.
- SNEC SHARI'A Plus, SHE Plus, and Bayyinath Cascading Programme will be held on Saturday, 22 August 2026, with the participation of Noorul Huda Education Centre, Cheruthuruthy, Markaz Islamic and Arts Vanitha College, Kalamassery, and Quranic Village, Karingallathani
- Rabeea' Vacation for all SNEC-affiliated institutions will be observed from 25 to 28 August 2026, in accordance with the SNEC academic calendar.

SAMASTHA National Education Council
Central office, Samastha Karyalayam, Francis Road, Kozhikode-03
@samasthanec@gmail.com

YEARS 3+ | STREAMS 12 | INSTITUTIONS 55+ | STUDENTS 4500+ | FACULTIES 350+

© SNEC 2026-27 **SAMASTHA National Education Council** Central Office, Samastha Karyalayam, Francis Road, Kozhikode-03